# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 732 | 04.03.2020-ൽ മറുപടിക്ക്

## സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നു. |
| (ബി) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതി,പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജസ്റ്റിസ്.കെ.ഹേമ സമിതിയുടെ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് 31.12.2019-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സമിതിയിലെ ഓരോ അംഗവും സർക്കാരിൽ നിന്നും എത്ര തുക വീതം കൈപ്പറ്റി ; പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ? | (ഡി) | 01.06.2019-ലെ സ.ഉ.(സാധാ) നം.219/2019/സാം.കാ.വ പ്രകാരം സമിതി അദ്ധ്യക്ഷയ്ക്ക് 70,000/- രൂപയും സമിതി അംഗങ്ങൾക്ക് 50,000/- രൂപ വീതവും പ്രതിമാസ ഹോണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടന്നുവരുന്നു. സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന ഇതുവരെ 46,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**